LIBRARY ARCHIVES Kerala Legislative Assembly

കൺസ്യൂമർ ഫെഡിനെ സംരക്ഷിക്കാൻ നടപടി

91 (2329) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-ലെ ഹൈക്കോടതി ഉത്തരവിനുശേഷം 2012 ജനുവരി മുതൽ കൺസ്യൂമർ ഫെഡിൽ ദിവസ വേതന അടിസ്ഥാനത്തിലും മാനേജ്മെന്റ് ടെയിനി വിഭാഗത്തിലുമായി എത്ര പേരെ നിയമിച്ചിട്ടുണ്ട് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര നന്മ സ്റ്റോറുകൾ ആരംഭിച്ചുവെന്ന് നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

(സി) കൺസ്യൂമർ ഫെഡിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുവർക്ക് വേതനം നൽകിയ ഇനത്തിൽ 2012-13, 2013-14, 2014-15 വർഷങ്ങളിൽ 2014 ഒക്ടോബർ 31 വരെ ചെലവാക്കിയിട്ടുള്ള തുകയുടെ കണക്കുകൾ വിശദമാക്കാമോ ;

(ഡി) കൺസ്യൂമർ ഫെഡ് നന്മ പദ്ധതി പ്രകാരം വില കുറച്ചു വിൽക്കുന്ന തുക സംസ്ഥാന ഗവൺമെന്റോ കേന്ദ്ര ഗവൺമെന്റോ മറ്റ് ഇതര ഏജൻസികളോ സബ്സിഡിയായി നൽകാറുണ്ടോ ;

(ഇ) നന്മ സ്റ്റോറുകൾ വഴി വില കുറച്ച് വില്പന നടത്തിയ ഇനത്തിൽ 2011 മേയ് മുതൽ 2014 ഒക്ടോബർ 31 വരെ എത്ര രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്

(എഫ്) കൺസ്യൂമർ ഫെഡ് സബ്സിഡി നൽകിയ ഇനത്തിൽ നൽകേണ്ടുന്ന തുക സംസ്ഥാന ഗവൺമെന്റ് യഥാസമയം നൽകാത്തതുമൂലം ബാങ്കുകളിൽ നിന്നും വായ്പ എടുത്ത തുകയ്ക്ക് ഒരു വർഷം പലിശയിനത്തിൽ എത്ര രൂപയാണ് നൽകുന്നത് ;

(ജി) കൺസ്യൂമർ ഫെഡിനെ സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ?

ഉത്തരം

(എ) 2012 ജനുവരി മുതൽ കൺസ്യൂമർഫെഡിൽ ദിവസവേതനാടിസ്ഥാനത്തിൽ 3649 പേരുടെയും മാനേജ്മെന്റ് ടെയിനി വിഭാഗത്തിൽ 87 പേരുടെയും സേവനം വിനിയോഗിച്ചിട്ടുണ്ട്.

(ബി) കൺസ്യൂമർ ഫെഡറേഷൻ നേരിട്ട് നടത്തുന്ന 865 നന്മ സ്റ്റോറുകളും സഹകരണ സംഘങ്ങളുടെ കീഴിൽ 751 നന്മ സ്റ്റോറുകളും ഉൾപ്പെടെ ആകെ 1616 നന്മ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. നന്മ സ്റ്റോറുകളുടെ നിയമസഭാ മണ്ഡലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി)	2012-13	-	21.38 കോടി
	2013-14	-	38.39 കോടി
	2014-15	-	21.22 കോടി
			(2014 ഒക്ടോബർ 31 വരെ)
	ആകെ	-	80.99 കോടി

(ഡി) ഇല്ല.

(ഇ) നന്മ പദ്ധതി ആരംഭിച്ച 2012-13 സാമ്പത്തിക വർഷത്തിലും 2013-14 സാമ്പത്തിക വർഷത്തിലും കൂടി ആകെ 53.89 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടം കണക്കാക്കുന്നതിനാൽ 2014 ഒക്ടോബർ 31 വരെയുള്ള നഷ്ടം കണക്കാക്കിയിട്ടില്ല.

(എഫ്) ബാങ്കുകളിൽ നിന്നും വായ്പയെടുത്ത തുകയ്ക്ക് ഒരു വർഷം പലിശയിനത്തിൽ ശരാശരി 26.29 കോടി രൂപ നൽകുന്നു.

(ജി) നന്മ സ്റ്റോറുകളിലൂടെ അനുവദിക്കുന്ന വിൽപ്പന വിലക്കുറവ് 10 ശതമാനമായി പരിമിതപ്പെടുത്തിയും എഫ്.എം.ജി.സി. ഇനങ്ങളുടെ വിൽപ്പന വർദ്ധിപ്പിച്ചും നന്മ സ്റ്റോറുകളുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ 2 ആക്കി പരിമിതപ്പെടുത്തിയും നന്മ സ്റ്റോറുകളിലെയും നന്മ പാക്കിംഗ് സെന്ററുകളിലെയും ജീവനക്കാരുടെ എണ്ണം കുറച്ചും കൺസ്യൂമർ ഫെഡറേഷന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. എൻ.സി.ഡി.സി.-യിൽനിന്നും തൻവർഷം അനുവദിച്ച 50 കോടി രൂപ വിനിയോഗിച്ച് സപ്ലയർമാർക്കുള്ള കുടിശ്ശിക കുറയ്ക്കുന്നതിനും സ്റ്റോക്ക് സംഭരണം ശക്തമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പുതിയ കെട്ടിടം

92 (2330) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സഹകരണ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് (സഹകരണഭവൻ നിൽക്കുന്ന സ്ഥലത്ത്) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സ്ഥലത്ത് സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പുതിയ കെട്ടിടം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്നു വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly